**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **11-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗ് നടപടികൾ കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ, സ്പഷ്ടീകരണങ്ങൾ എന്നിവ സംബന്ധിച്ച് ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ബയോമെട്രിക് മസ്റ്ററിംഗിനായി സർക്കാർ എൻ.ഐ.സി. മുഖേന ജീവൻരേഖ സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേനയാണ് ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യേണ്ടത്. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി അക്ഷയാ കേന്ദ്രങ്ങൾ മുഖേന സർക്കാർ ചെലവിൽ മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. 2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന 3,22,288 പേരാണ് അനർഹമായി പെൻഷൻ കൈപ്പറ്റുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടത്. ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത |

**വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.(കൈ)നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം. 102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം. 118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.**

**ബയോമെട്രിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള സമയങ്ങളിലെല്ലാം തന്നെ വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പ് രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. കൂടാതെ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ/ ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സ കഴിഞ്ഞവർ, 80%-ലധികം ശാരീരിക വൈകല്യമുള്ളവർ, എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ**

| | | | |
|---|---|---|---|
| | | | **20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല.** |
| (ബി) | സാമൂഹ്യ ക്ഷേമ പെൻഷൻകാർക്കൊപ്പം ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് സേവന പെൻഷൻ പോർട്ടലിൽ സംയോജിപ്പിച്ചതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | **സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവന്നിരുന്നവരിൽ ക്ഷേമനിധി ബോർഡു പെൻഷൻ ഉൾപ്പെടെ രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവരെയും മരണപ്പെട്ടവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് മസ്റ്ററിംഗ് മുഖേന സാധിച്ചു. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി അക്ഷയാ കേന്ദ്രങ്ങൾ മുഖേന സർക്കാർ ചെലവിൽ ബയോമെട്രിക് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. ഇതിലൂടെ അനർഹമായി പെൻഷൻ കൈപ്പറ്റുന്ന 2,27,761 ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് സാധിച്ചു. 2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിച്ച അവസരത്തിൽ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെട്ടതിനാലാണ് 28.03.2023-ലെ സ.ഉ(കൈ) നം. 58/2023/ധന ഉത്തരവിലൂടെ വാർഷിക മസ്റ്ററിംഗ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിലൂടെ അനർഹരും മരണപ്പെട്ടവരുമായ അനവധി പേരെ ഒഴിവാക്കുന്നതിന് സാധിച്ചു. ഇതു വഴി സർക്കാർ ഖജനാവിലെ പണം അനധികൃതമായി നഷ്ടമാകുന്നത് തടയാനും ആയത് ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും സാധിച്ചിട്ടുണ്ട്.** |
| (സി) | മസ്റ്ററിംഗ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ; | (സി) | 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.(കൈ)നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം. 102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം. 118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു. കൂടാതെ പ്രസ്തുത |

| | | | |
|---|---|---|---|
| | | | മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയം അനുവദിച്ചിട്ടുണ്ട്. നിലവിലെ കണക്കുകൾ പ്രകാരം, സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഡാറ്റാബേസിലെ 6228462 ഗുണഭോക്താക്കളിൽ 55,27,422 പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 1,14,507 പേർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. അതായത് ആകെ ഗുണഭോക്താക്കളിൽ 88.74% പേരും മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തിയാക്കിയ 48,72,502 ഗുണഭോക്താക്കൾക്ക് 2023 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കിടപ്പ് രോഗികൾക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ പെൻഷൻ എത്തിക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കാമോ? | (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താക്കളുടെ വീട്ടിൽ വിതരണം നടത്തുന്നതിന് ഒരു ഗുണഭോക്താവിന് നിലവിൽ 30/- രൂപ നിരക്കിലാണ് ഇൻസെന്റീവിനത്തിൽ അനുവദിച്ചു വരുന്നത്.<br><br>2023-24 സാമ്പത്തിക വർഷം ( 2022 ഡിസംബർ മാസം മുതൽ 2023 ആഗസ്റ്റ് മാസം വരെ) പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ഇൻസെന്റീവ് ഇനത്തിൽ ആകെ 117,65,82,600/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 69,89,91,180/- രൂപ (2021 നവംബർ മുതൽ 2022 നവംബർ വരെയുള്ള കുടിശ്ശിക), ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No.743/2023, WP(C) No.3029/2023 എന്നീ റിട്ട് പെറ്റീഷനുകളിന്മേൽ 18.10.2023-ലെ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവ് പാലിച്ച് കോടതി വിധി നടപ്പാക്കുന്നതിനായാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ